ഭരണഭാഷ-മാതൃഭാഷ

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,**
**സിവിൽ സ്റ്റേഷൻ, പാലക്കാട്- 678001**
e-mail- jdlsgdpkd1@gmail.com
Phone: 0491- 2505155, 2505199

നമ്പർ: LSGD/JD/PKD/5102/2025-I1 **തിയ്യതി: 25-08-2025**

ജലജ.സി
ഇന്റേണൽ വിജിലൻസ് ഓഫീസർ(I/C) &
കൺവീനർ ഉപജില്ലാ സമിതി 2
തദ്ദേശ സ്വയംഭരണ വകുപ്പ്
പാലക്കാട്

സെക്രട്ടറി
പാലക്കാട് നഗരസഭ

സർ,

വിഷയം : തസ്വഭവ - പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം - ആഭ്യന്തര വിജിലൻസ് വിഭാഗം - പാലക്കാട് നഗരസഭ - നിയമവിരുദ്ധമായി വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഉപജില്ലാ സമിതിയിൽ ലഭ്യമായ (Docket Number: BPPKD20208000060) പരാതിയിൻമേൽ നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന : 1. അദാലത്ത് ഉപജില്ലാ സമിതിയിൽ ശ്രീ.മാധവൻകുട്ടി S/o ബാലകൃഷ്ണൻ നായർ 41/769 "ശ്രീ മാധവം", ഹോട്ടൽ സൂര്യ റസിഡൻസിക്ക് സമീപം, റോബിൻസൺ റോഡ്, പാലക്കാട്-3 എന്നവർ സമർപ്പിച്ച പരാതി.

2. അദാലത്ത് ഉപജില്ലാ സമിതി തീരുമാനം.

*********************

മേൽവിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പാലക്കാട് നഗരസഭയിൽ ഉൾപ്പെടുന്ന പാലക്കാട് നമ്പർ-3 വില്ലേജ്, ബ്ലോക്ക് 55, സർവ്വേ നമ്പർ-2709/2,3, 2710/2A എന്നതിൽ ഉൾപ്പെട്ട 4.50 സെൻറ് സ്ഥലവുമായി ബന്ധപ്പെട്ട് സൂചന(1) പ്രകാരം നൽകിയ പരാതി അദാലത്ത് ഉപജില്ലാ സമിതി പരിശോധിച്ചു. ആയതുമായി ബന്ധപ്പെട്ട് 16.08.2025ന് അദാലത്ത് ഉപജില്ലാ സമിതി അംഗങ്ങളും, പാലക്കാട് നഗരസഭയിലെ ഓവർസിയർമാരായ ജയൻ, സൌമ്യ എന്നിവരും സ്ഥലപരിശോധന നടത്തി. അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളതായി സ്ഥല പരിശോധനയിൽ കാണാൻ കഴിഞ്ഞു. ആയതിനാൽ അടിയന്തിരമായി നിർമ്മാണം നിർത്തിവയ്ക്കുന്നതിനും, ഉടമയോടും, ലൈസൻസിയോടും കെഎംബിആർ ലംഘിച്ച് നിർമ്മാണം നടത്തിയതിന് വിശദീകരണം ചോദിക്കുന്നതിന് സെക്രട്ടറി/അസിസ്റ്റന്റ് എൻജിനിയറെ ചുമതലപ്പെടുത്തി അദാലത്ത് ഉപജില്ലാ സമിതി തീരുമാനിച്ച വിവരം അറിയിക്കുന്നു. മേൽ തീരുമാനം അടിയന്തിരമായി

നടപ്പിലാക്കി വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ

ജലജ.സി

കൺവീനർ ഉപജില്ലാ സമിതി

തദ്ദേശ സ്വയംഭരണ വകുപ്പ്

പാലക്കാട്

പകർപ്പ്

ശ്രീ.മാധവൻകുട്ടി S/o ബാലകൃഷ്ണൻ നായർ

41/769 "ശ്രീ മാധവം", ഹോട്ടൽ സൂര്യ റസിഡൻസിക്ക് സമീപം, റോബിൻസൺ റോഡ്, പാലക്കാട്-3

Signed by Jalaja C
Date: 25-08-2025 11:29:36